പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

ബുള്ളറ്റിൻ ഭാഗം-2
2016 ജൂലൈ 11

നമ്പർ: 37

130-ാം ചട്ടപ്രകാരമുള്ള ഉപക്ഷേപം
(2016 ജൂലൈ 18 തിങ്കളാഴ്ച രാവിലെ 10.30 മുതൽ
ഉച്ചയ്ക്ക്ശേഷം 12.30 വരെ)

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

"സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ അതീവ ഉത്കണ്ഠയോടെയാണ് കേരള നിയമസഭ വീക്ഷിക്കുന്നത്. 846 ൽപ്പരം ശാഖകളും എണ്ണായിരത്തോളം കോടി രൂപ നിക്ഷേപവുമുള്ള എസ്.ബി.റ്റിയാണ് കേരളത്തിലെ ഏറ്റവും വലിയ ബാങ്ക്. കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടിൽ സിംഹഭാഗവും എസ്.ബി.റ്റി വഴിയാണ്. നമ്മുടെ നാടിന്റെ വികസനത്തിൽ എസ്.ബി.റ്റി. യിലെ കാർഷിക വികസന വായ്പകൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുമുണ്ട്. അതിലുപരി 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ പ്രവർത്തിച്ചു വന്ന ഒരു ഡസനോളം ബാങ്കുകൾ ചേർന്ന് 1946 ൽ രൂപം കൊടുത്ത എസ്.ബി.റ്റി. യോട് പ്രത്യേക വൈകാരിക ബന്ധം തന്നെ കേരളത്തിനുണ്ട്. അങ്ങനെ നമ്മുടെ നാടുമായി ജൈവബന്ധം പുലർത്തുന്ന ഒരു ബാങ്ക് ഇല്ലാതാകുന്നത് സംസ്ഥാനത്തെ നിക്ഷേപത്തേയും സാമ്പത്തിക വളർച്ചയേയും പ്രതികൂലമായി ബാധിക്കും. മുതൽമുടക്കിന് സ്ഥാപനത്തിന്റെ പ്രാദേശിക വേരുകളുമായിട്ടുള്ള ബന്ധം അക്കാദമിക തലത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ദൗർഭാഗ്യകരമെന്നു പറയട്ടെ, കേരളത്തിന്റേതെന്ന് അവകാശപ്പെടാവുന്ന ബാങ്കുകൾ ഒന്നൊന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഈ പശ്ചാത്തലത്തിൽ എസ്.ബി.റ്റി. യുടെ തിരോധാനം കേരളത്തിന് അപരിഹാര്യമായ നഷ്ടമായിരിക്കും. പുതിയ ചെറുകിട ബാങ്കുകൾക്ക് അനുവാദം നൽകുന്ന നയം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ എസ്.ബി.റ്റി.യെ ഒരു വലിയ ബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കം കേരളത്തിന്റെ താൽപ്പര്യത്തിനു വിരുദ്ധമാണ്. ഈ പശ്ചാത്തലത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്ന് റിസർവ് ബാങ്കിനോടും കേന്ദ്രസർക്കാരിനോടും ഈ സഭ അഭ്യർത്ഥിക്കുന്ന കാര്യം ചർച്ച ചെയ്യണം."

പി. ജയലക്ഷ്മി,
സെക്രട്ടറി-ഇൻ-ചാർജ്ജ്.